**റൂളിംഗ്**

ഉദ്യോഗസ്ഥ ഗാലറിയിൽ ബന്ധപ്പെട്ട വകുപ്പുതലവന്മാരുടെ അസാന്നിധ്യം

മി. ചെയർമാൻ: ശ്രീ. വി. ശിവൻകുട്ടി ഇവിടെ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ് ചർച്ചയിൽ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ സഭയിലെ ഗാലറിയിൽ ഉണ്ടാകേണ്ടതാണ്. അതാണ് കീഴ്വഴക്കം. അത് പരിശോധിച്ച് മേൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പ് വരുത്തേണ്ടതാണെന്ന് ചെയർ നിർദ്ദേശിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സീനിയർ ഉദ്യോഗസ്ഥർ ഗാലറിയിൽ ഹാജരാകാറുണ്ട്. ഇപ്പോൾ ജനറൽ അഡ്മിനിസ്ട്രേഷൻ വകുപ്പിലെ സെക്രട്ടറി, ഗാലറിയിൽ ഇരിക്കുന്നുണ്ട്.

മി. ചെയർമാൻ : അത് ഉറപ്പ് വരുത്തണം എന്നുമാത്രമേ പറഞ്ഞുള്ളൂ.